# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2493 06.12.2018-ൽ മറുപടിക്ക്

**കുന്നത്തറ ടെക്സ്റ്റൈയിൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായങ്ങൾ ആരംഭിക്കുവാനായി അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ഭൂമി ലഭിക്കാൻ പ്രയാസമുള്ളപ്പോൾ കുന്നത്തറ ടെക്സ്റ്റൈയിൽ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള തടസ്സം എന്തെന്നറിയിക്കാമോ;<br><br>(ബി) സ്റ്റേറ്റ് ഹൈവേയുടെ അടുത്തായി എല്ലാ സൗകര്യങ്ങളുമുള്ള പ്രസ്തുത ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെട്ടു പോകുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(സി) പ്രസ്തുത ഭൂമി കോടതി ലിക്വിഡേറ്റർ വഴി നാമമാത്രമായ വിലയ്ക്ക് വിറ്റു പോവുന്നത് തടയാനുള്ള നടപടി സ്വീകരിക്കുമോ? | (എ) (ബി) & (സി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിനു ഒഫിഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഒഫീഷ്യൽ ലിക്വിഡേറ്ററുടെ എസ്റ്റിമേറ്റ് പ്രകാരം കമ്പനിയുടെ ആസ്തി 9,11,64,217/- രൂപ മാത്രമാണ്. ഇതിനേക്കാൾ കൂടുതലാണ് നിലവിലെ ബാധ്യത കണക്കാക്കിയിട്ടുള്ളത്. പിന്നീട് കമ്പനിയുടെ ആസ്തി 12.80 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിരുന്നു. 11.65 ഏക്കർ മാത്രം വരുന്ന കമ്പനി ഭൂമി ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് പര്യാപ്തമല്ലെന്ന് കിൻഫ്ര അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടു പോകുന്നതിനാണ് സർക്കാർ തീരുമാനമെന്നും ബഹു.ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ